29

**വിവരാവകാശ നിയമം**
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 4-3-2017.

നമ്പർ: E5-10117/17(1).

അപ്പലേറ്റ് അതോറിറ്റി.

ശ്രീ. സുബൈർ അഹമ്മദ് സി.പി.എം,
സീനിയർ ക്ലർക്ക്,
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,
അയ്യന്തോൾ, തൃശ്ശൂർ- 680003.

സാധം,

വിഷയം: സാ.നീ. വകുപ്പ് - വിവരാവകാശ നിയമം 2005- അപ്പീൽ - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 1. താങ്കളുടെ 8.2.17ലെ അപ്പീൽ അപേക്ഷ.
2. ഈ കാര്യാലയത്തിലെ 4.3.17ലെ ഇതേ നമ്പർ കത്ത്.

എറണാകുളം RAD ശ്രീ. K.K.വിനയൻ വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ സൂചന (1) പ്രകാരം താങ്കൾ സമർപ്പിച്ച അപ്പീൽ അപേക്ഷയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. ശ്രീ.കെ.കെ.വിനയൻ ടിയാന്റെ ഭാഗം ബോധിപ്പിക്കുന്ന കത്ത് വകുപ്പിനു കീഴിലെ ഏതെല്ലാം കാര്യാലയങ്ങളിലെ ഔദ്യോഗിക മെയിലുകളിലേയ്ക്ക് ലഭ്യമാക്കി എന്ന് കണ്ടെത്തുന്നതിനുള്ള സാങ്കേതിക സംവിധാനം ഈ കാര്യാലയത്തിൽ നിലവിലില്ല. ഒരു പൊതു അധികാര കേന്ദ്രത്തിന്റെ കൈവശമുള്ള വിവരങ്ങൾ നൽകുന്നതിനേ വിവരാവകാശ നിയമം വ്യവസ്ഥ ചെയ്യുന്നുള്ളു. ഈ സാഹചര്യത്തിൽ വകുപ്പിനു കീഴിലെ ഏതെല്ലാം കാര്യാലയങ്ങളിലെ ഔദ്യോഗിക മെയിലുകളിൽ മേൽ പരാമർശിക്കുന്ന കത്ത് ലഭ്യമായിട്ടുണ്ടെന്ന വിവരം താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി സൂചന (2) പ്രകാരം എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

വിശ്വസ്തതയോടെ,

പ്രീത എസ്.നായർ
അപ്പലേറ്റ് അതോറിറ്റി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

O/C

db(a 17

35

**വിവരാവകാശ നിയമം /**

**വളരെ അടിയന്തിരം**

നമ്പർ: E5-10117/17(2).

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 4-3-2017.

Published in website on 4.3.17

അപ്പലേറ്റ് അതോറിറ്റി.

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.

സർ,

വിഷയം: സാ.നി.വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച് -

സൂചന: ശ്രീ. സുബൈർ അഹമ്മദ് സി.പി.എം-ന്റെ 8.2.17ലെ അപ്പീൽ അപേക്ഷ.

തൃശ്ശൂർ പ്രോഗ്രാം ഓഫീസറായിരുന്ന ശ്രീമതി.മീര.പിയുടെ ഭർത്താവ് ശ്രീ. സുബൈർ അഹമ്മദ് സി.പി.എം എറണാകുളം RAD ശ്രീ.കെ.കെ.വിനയനെതിരെ ബഹു.മനുഷ്യാവകാശ കമ്മീഷനിൽ പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് ശ്രീ.കെ.കെ.വിനയൻ തന്റെ ഭാഗം ബോധിപ്പിക്കുന്ന കത്ത് വകുപ്പിനു കീഴിലെ എല്ലാ ഉദ്യോഗസ്ഥർക്കും അവരുടെ ഔദ്യോഗിക മെയിലിലേയ്ക്ക് അയച്ചു കൊടുത്തതായി അപേക്ഷകൻ ആരോപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ശ്രീ.കെ.കെ.വിനയൻ, RAD വിവരാവകാശ നിയമ പ്രകാരം നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ശ്രീ. സുബൈർ അഹമ്മദ് സി.പി.എം ബഹു. മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതിയുമായി ബന്ധപ്പെട്ട് ശ്രീ.കെ.കെ.വിനയൻ, റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം തന്റെ ഭാഗം ബോധിപ്പിക്കുന്ന കത്ത് താങ്കളുടെ ഔദ്യോഗിക മെയിലിലേയ്ക്ക് അയച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് സഹിതവും ഈ കത്ത് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ ശ്രീ. സുബൈർ അഹമ്മദ് സി.പി.എംന് വിവരം നൽകുവാൻ നിർദ്ദേശിക്കുന്നു.

ശ്രീ. സുബൈർ അഹമ്മദ് സി.പി.എമ്മിന്റെ വിലാസം ചുവടെ ചേർക്കുന്നു.

ശ്രീ. സുബൈർ അഹമ്മദ് സി.പി.എം
സീനിയർ ക്ലർക്ക്,
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,
അയ്യന്തോൾ, തൃശ്ശൂർ- 680003.

വിശ്വസ്തതയോടെ,

Preetha

പ്രീത എസ്.നായർ
അപ്പീൽ അധികാരി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

db@17